## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിട്ട ചോദ്യം നം.392 20.03.2018 ൽ മറുപടിയ്ക്ക്

### പൊതുഗതാഗത സംവിധാനത്തിലേക്ക് ആകർഷിക്കുന്നതിന് നടപടികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സി. ദിവാകരൻ<br>ശ്രീ.ആർ. രാമചന്ദ്രൻ<br>ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീ.കെ. രാജൻ | | ശ്രീ. എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
| (എ) | വർദ്ധിച്ചുവരുന്ന മലിനീകരണവും ഗതാഗതക്കുരുക്ക് സൃഷ്ടിക്കുന്ന പ്രശ്നങ്ങളും കുറയ്ക്കുന്നതിന് വേണ്ടി ജനങ്ങളെ പൊതുഗതാഗത സംവിധാനത്തിലേക്ക് ആകർഷിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) | പൊതുഗതാഗത സംവിധാനം സുഗമമാക്കുന്നതിനായി സംസ്ഥാനത്തൊട്ടാകെയുള്ള സ്റ്റേജ് കാര്യേജുകൾക്ക് ഏകീകൃത സമയക്രമം നടപ്പിലാക്കി. സ്വകാര്യ ബസ്സുകൾക്ക് അവയുടെ തരമനുസരിച്ച് പൊതുജനങ്ങൾക്ക് എളുപ്പത്തിൽ വേർതിരിച്ചറിയുന്നതിനായി ഓർഡിനറി സർവ്വീസുകൾക്ക് Deep Sky Blue , സിറ്റി സർവ്വീസുകൾക്ക് Lime Green, ലിമിറ്റഡ് സ്റ്റോപ്പ് ഓർഡിനറി സർവ്വീസുകൾക്ക് Maroon എന്നീ നിറങ്ങൾ നൽകി.<br>അന്തരീക്ഷ മലിനീകരണം കുറയ്ക്കുമെന്നതിനാൽ, ഇലക്ട്രിക് വാഹനങ്ങളെ പ്രോത്സാഹിപ്പിയ്ക്കുന്നതിനായി, ഇലക്ട്രിക് ഓട്ടോറിക്ഷകളുടെയും എൽ.പി.ജി/സി.എൻ.ജി ഉപയോഗിച്ച് ഓടുന്ന ഓട്ടോറിക്ഷകളുടെയും നിലവിലെ വാർഷിക നികുതി 500/-രൂപയിൽ നിന്ന് 450/-രൂപയായി കുറയ്ക്കുവാനും, പുതുതായി രജിസ്റ്റർ ചെയ്യുന്ന ഇത്തരം വാഹനങ്ങൾക്ക് 5 വർഷത്തേയ്ക്ക് 2000/- രൂപ എന്ന നിരക്കിൽ നികുതി ഈടാക്കുവാനും 2018-19-ലേക്കുള്ള ബഡ്ജറ്റ് പ്രസംഗത്തിൽ നിർദ്ദേശമുണ്ട്. ഇ-റിക്ഷകളുടെ രജിസ്ട്രേഷൻ പ്രോത്സാഹിപ്പിക്കുന്നതിനായി ഓട്ടോറിക്ഷകളുടെ നികുതി നിരക്ക് ഇത്തരം വാഹനങ്ങൾക്ക് ഏർപ്പെടുത്തുവാനും |

| | | | |
|---|---|---|---|
| | | | തീരുമാനമുണ്ട്. സി.എൻ.ജി. ഉപയോഗിച്ച് ഓടുന്ന ഓട്ടോറിക്ഷകളെ വേഗത്തിൽ തിരിച്ചറിയുന്നതിനായി അത്തരം ഓട്ടോറിക്ഷകൾക്ക് പ്രത്യേക നിറം നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. അന്തരീക്ഷത്തിലെ കാർബണിന്റെ അളവ് പരമാവധി കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ നിർമ്മിച്ചിട്ടുള്ള ഇ-വാഹനങ്ങൾ (ഇ-റിക്ഷ, ഇ-കാർ, ഇ-ബൈക്ക്) സംസ്ഥാനത്തുടനീളം വിപണനം നടത്തുന്നതിനും വിൽപ്പനാന്തരസേവനം നൽകുന്നതിനും 29 വാഹന നിർമ്മാണ കമ്പനികൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇ-റിക്ഷ ഓടിക്കുന്ന ഡ്രൈവർമാർക്ക് ലൈസൻസിന് പുറമേ ബാഡ്ജ് വേണമെന്ന നിബന്ധനയും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ ഇത്തരം വാഹനങ്ങൾക്ക് പെർമിറ്റ് ആവശ്യമില്ലെന്നും തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ബസ് ചാർജ് വർദ്ധിപ്പിക്കുന്നത് ഹ്രസ്വദൂര യാത്രക്കാരെ ഇരുചക്ര വാഹനങ്ങളിലേക്കും ദീർഘദൂര യാത്രക്കാരെ കാർ,ഓട്ടോറിക്ഷ തുടങ്ങിയ ഗതാഗത മാർഗങ്ങളിലേക്കും മാറുന്നതിന് പ്രേരിപ്പിക്കുമെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ബസ്സ് ചാർജ് വർദ്ധന മൂലം ഹ്രസ്വദൂര യാത്രക്കാർ ബൈക്ക്, ഓട്ടോറിക്ഷ ഇവ തെരഞ്ഞെടുക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |
| (സി) | നിലവിലുള്ള ഫെയർ സ്റ്റേജ് സമ്പ്രദായം വിലയിരുത്തിയിട്ടുണ്ടോ; | (സി) | ഫെയർ സ്റ്റേജ് സംബന്ധിച്ച പരാതികളുടെ ന്യായാന്യായങ്ങൾ അതാത് റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റികളിൽ വിലയിരുത്തി നടപടികളെടുക്കാറുണ്ട്. |
| (ഡി) | ഫെയർ സ്റ്റേജ് സമ്പ്രദായത്തിലെ അപാകതകൾ ബസ് യാത്ര അനാകർഷകമാക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | ഫെയർ സ്റ്റേജുമായി ബന്ധപ്പെട്ടുണ്ടാകുന്ന പൊതുജനങ്ങളുടെ പരാതികളിൽ അതാത് റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റികളിൽ നടപടി എടുത്തുവരുന്നുണ്ട്. ഇതുമൂലം ബസ്സ് യാത്ര അനാകർഷമാകുന്നുണ്ടെന്ന് വിലയിരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ